അൺ എയ്ഡഡ് വിദ്യാലയങ്ങൾ

31(1079) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന അംഗീകൃത -അൺ എയ്ഡഡ് സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ എത്ര അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്ന് വർഷം, ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 813 അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടായിരുന്നു.

(ബി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ (കൈ) നമ്പർ 184/13/പൊ.വി.വ തീയതി 10-6-2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 308 സ്കൂളുകൾക്ക് സ.ഉ. (കൈ) നമ്പർ 114/15/പൊ.വി.വ. തീയതി 14-5-2015 പ്രകാരവും 87 സ്കൂളുകൾക്ക് സ.ഉ (കൈ) നമ്പർ 282/15/പൊ.വി.വ. തീയതി 9-11-2015 പ്രകാരവും അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്:

തിരുവനന്തപുരം	-	22
കൊല്ലം	-	37
പത്തനംതിട്ട	-	8
ആലപ്പുഴ	-	11
കോട്ടയം	-	13
ഇടുക്കി	-	18
എറണാകുളം	-	15

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	-	26
പാലക്കാട്	-	32
മലപ്പുറം	-	80
കോഴിക്കോട്	-	46
വയനാട്	-	10
കണ്ണൂർ	-	29
കാസർഗോഡ്	-	48
ആകെ	-	395

ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (സാധാ) നമ്പർ 863/15/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സ.ഉ. (കൈ) നമ്പർ 184/13/പൊ.വി.വ. തീയതി 10-6-2013 പ്രകാരമാണ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

32(1080) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ-എയ്ഡഡ് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷ പരിഗണിച്ച് എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) അംഗീകാരം ലഭിച്ച സ്കൂളുകൾക്കെല്ലാം ചട്ടപ്രകാരമുള്ള അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കിയിരുന്നോ;

(ഡി) അടിസ്ഥാനസൗകര്യം ഇല്ലാത്തതുകാരണം എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയില്ല എന്ന് അറിയിക്കാമോ; അവയെ പിന്നീട് പരിഗണിക്കുകയുണ്ടായോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly